ഉത്തരം

(എ) എ.ഡി.ബി., ഡച്ച് ഗവൺമെന്റ് എന്നിവിടങ്ങളിൽനിന്നും സാമ്പത്തിക പരിഷ്കരണത്തിനും ഭരണനവീകരണത്തിനുമായി 225 മില്യൺ ഡോളർ (1036.50 കോടി രൂപ) കേന്ദ്ര സർക്കാർവഴി അധികസഹായമായി ലഭിച്ചിട്ടുണ്ട്. ഇത് 70% വായ്പയായും 30% ഗ്രാന്റുമായിട്ടാണ് ലഭിച്ചത്.

(ബി) കേന്ദ്രസർക്കാർവഴി ലഭിച്ച തുക സംസ്ഥാന വിഹിതം ഉൾപ്പെടെ താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ചെലവഴിച്ചു. സംസ്ഥാന വൈദ്യുതി ബോർഡിന്റെ റവന്യുകമ്മി നികത്താനായി 756 കോടി രൂപ വിനിയോഗിച്ചു. 300 കോടി രൂപ ടി.പി. അക്കൗണ്ട് നിർത്തലാക്കിയതുപ്രകാരമുള്ള അഡ്ജസ്റ്റ്മെന്റ് നടത്തി. 130 കോടി രൂപ അസറ്റ് റിന്യൂവൽഫണ്ട് രൂപീകരിക്കുന്നതിന് വിനിയോഗിച്ചു. 209 കോടി രൂപ പൊതുമേഖലാസ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി വിനിയോഗിച്ചു. 217.28 കോടി രൂപ ഭരണനവീകരണ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾക്ക് അനുവദിച്ചു. ഇതെല്ലാം താൽക്കാലിക കണക്കുകളാണ്. അക്കൗണ്ടന്റ് ജനറലിന്റെ ഫിനാൻസ് അക്കൗണ്ട്സ് ലഭിച്ചാലേ അന്തിമകണക്ക് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളു.

(സി) ബാക്കി തുക അവശേഷിക്കുന്നില്ല.

(ഡി) എ.ഡി.ബി.യിൽനിന്നും കേന്ദ്ര സർക്കാർവഴി ലഭിച്ച വായ്പയും അതിന്റെ പലിശയും കേന്ദ്ര സർക്കാരിന് കേരളം തിരിച്ചടയ്ക്കണം. 9.5% പലിശ പ്രകാരമാണ് തിരിച്ചടയ്ക്കേണ്ടത്.

(ഇ) വൈദ്യുതി ബോർഡിന്റെ റവന്യുകമ്മി നികത്തൽ, അസറ്റ് റിന്യൂവൽ ഫണ്ട്, പൊതുമേഖലാസ്ഥാപനങ്ങളുടെ പുനഃസംഘടന, വിവിധ വകുപ്പുകളിലെ ഭരണനവീകരണ പ്രവർത്തനങ്ങൾ എന്നിവയാണ് എ.ഡി.ബി. വായ്പ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നത്.

ഹോട്ടലുകൾ അനുവദിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽനിന്നുള്ള നിർദ്ദേശങ്ങൾ

34 [3287] *ശ്രീ. ജോർജ് ജെ. മാത്യു:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. കെ. സുധാകരൻ:
„ *വർക്കല കഹാർ:*
„ *കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർസഹിതമുള്ള ഹെറിറ്റേജ് ഹോട്ടലുകളും ത്രീസ്റ്റാർ ഹോട്ടലുകളും അനുവദിക്കുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തെങ്കിലും നിബന്ധനയോ നിർദ്ദേശമോ പുറപ്പെടുവിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതനുസരിച്ച് ഈ വിഭാഗത്തിൽപ്പെട്ട ഹോട്ടലുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ;

(സി) 2001 മേയ് മുതൽ ഇതുവരെ ബാർസഹിതമുള്ള എത്ര ഹെറിറ്റേജ് ഹോട്ടലുകളും ത്രീസ്റ്റാർ ഹോട്ടലുകളും അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 5 ഹെറിറ്റേജ് ഹോട്ടലുകൾക്കും 48 ത്രീസ്റ്റാർ ഹോട്ടലുകൾക്കും ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.

എംപവർ കമ്മിറ്റിയുടെ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും

35 [3288] *ഡോ. തോമസ് ഐസക്:*
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
„ *എ. കെ. ബാലൻ:*
„ *മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച എംപവർ കമ്മിറ്റിയുടെ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വാറ്റ് സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം പ്രസ്തുത കമ്മിറ്റി എത്ര തവണ യോഗം കൂടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത യോഗങ്ങളിൽ സംസ്ഥാനത്തെ ബാധിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് കമ്മിറ്റിയിൽ ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അടുത്ത് കൂടാൻ പോകുന്ന എംപവേർഡ് കമ്മിറ്റിയിൽ കേരളത്തെ ബാധിക്കുന്ന ഏതെല്ലാം കാര്യങ്ങളാണ് ഉന്നയിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂല്യവർദ്ധിത നികുതി സമ്പ്രദായം സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിലേക്കായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെകീഴിൽ സംസ്ഥാന ധനകാര്യമന്ത്രിമാർ ഉൾപ്പെട്ട ഒരു ഉന്നതാധികാരസമിതി 1999 നവംബർ 19-ാം തീയതി നിലവിൽ വന്നു. പ്രസ്തുത കമ്മിറ്റിയുടെ ചെയർമാൻ പശ്ചിമബംഗാൾ സംസ്ഥാന ധനകാര്യ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly